(ബി) ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഐ. റ്റി., ടൂറിസം, ബയോടെക്നോളജി എന്നീ മേഖലകളിലാണ് പുതിയ തൊഴിലവസരങ്ങൾക്ക് സാദ്ധ്യതയുള്ളത്.

(ഇ) ഇതു സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല.

(എഫ്) സംസ്ഥാന തൊഴിലും പുനരധിവാസവും വകുപ്പിന്റെ മേൽനോട്ടത്തിൽ വ്യവസായ വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, കൃഷി വകുപ്പ്, എക്സൈസ് വകുപ്പ്, കുടുംബശ്രീ, ഖാദി ഗ്രാമ വ്യവസായ ബോർഡ്, ഗ്രാമവികസന വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളുടേയും അവയുടെ കീഴിൽ വരുന്ന ഏജൻസികളുടേയും പൂർണ്ണ സഹകരണത്തോടുകൂടി 5 വർഷം കൊണ്ട് 5 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള ഒരു ബൃഹത്തായ തൊഴിൽദാന പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് തൊഴിൽ വകുപ്പുമന്ത്രി കൺവീനറായി മന്ത്രിസഭാ ഉപസമിതി നിലവിലുണ്ട്. ഈ സമിതി പല തവണ യോഗം ചേരുകയും പദ്ധതിയുടെ വിശദാംശങ്ങൾക്ക് രൂപം നൽകിവരികയുമാണ്.

(ജി) തൊഴിൽദാന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

39 [470] ശ്രീ. വി. കെ. ചന്ദ്രൻ:
,, കെ. കെ. ജയചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഘടിത അസംഘടിത പരമ്പരാഗത വ്യവസായ മേഖലകൾ തകരുന്നതായും തൊഴിലവസരങ്ങൾ നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് തൊഴിലാളികളുടെ പട്ടിണിയും പട്ടിണിമരണങ്ങളും എവിടെ നിന്നെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിലവസരങ്ങൾ നിഷേധിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ട പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ;

(ഇ) പട്ടിണിയിലായിരിക്കുന്നവർക്ക് അടിയന്തിര സഹായം എത്തിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചില സംഘടിത അസംഘടിത പരമ്പരാഗത വ്യവസായ മേഖലകളിൽ പ്രതിസന്ധിയുള്ളതായും തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്ലാന്റേഷൻ മേഖലയിലെ ഒരു വിഭാഗം തൊഴിലാളികൾ തൊഴിലില്ലായ്മമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടിണിമൂലം മരണം സംഭവിച്ചതായി വിവരം ലഭിച്ചിട്ടില്ല.

(സി ആന്റ് ഡി) സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തൊഴിൽ നയത്തിന്റെ ഭാഗമായി പിരിച്ചുവിടപ്പെട്ടതും രോഗഗ്രസ്ഥവും അടഞ്ഞുകിടക്കുന്നതുമായ തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പുനരധിവാസത്തിനായി പ്രത്യേകം പുനരധിവാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് പ്ലാന്റേഷൻ തൊഴിലാളികളുടെ ദാരിദ്ര്യം കുറയ്ക്കുന്നതിനായി സർക്കാർ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൗജന്യ ഭക്ഷ്യധാന്യ വിതരണം, എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരമുള്ള ധാന്യ വിതരണം, മെഡിക്കൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (മെഡിക്കൽ ക്യാമ്പുകൾ), ഹൈസ്കൂൾ തലത്തിൽ 10-ാം തരം വരെയുള്ള കുട്ടികൾക്ക് സൗജന്യ ഉച്ചഭക്ഷണം തുടങ്ങി വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ലേബർ വെൽഫയർ ഫണ്ടിൽ നിന്നും ലഭിക്കേണ്ടിയിരുന്ന എല്ലാ ആനുകൂല്യങ്ങളും കുടിശ്ശിക തീർത്ത് നൽകിയിട്ടുണ്ട്. ബാങ്കുകളുടേയും മറ്റ് സാമ്പത്തിക സ്ഥാപനങ്ങളുടേയും സഹായത്തോടെ യൂണിഫോം കുട്ടികൾക്ക് നൽകിയിട്ടുണ്ട്. ആധുനിക ലബോറട്ടറി, ചികിൽസാ സൗകര്യങ്ങളുള്ള ഒരു മെഡിക്കൽ വാൻ എന്നിവ പീരുമേട് താലൂക്കിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly